"ഭരണഭാഷ മാതൃഭാഷ"

വ്യാവസായിക പരിശീലനവകുപ്പ്
(കേരള സംസ്ഥാനം)

നമ്പർ : എഫ്3/27432/2017

തൊഴിൽ ഭവൻ, വികാസ് ഭവൻ
തീയതി : 05/10/2017

ട്രെയിനിംഗ് ഡയറക്ടർ

ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്
(തിരുവനന്തപുരം, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്)
എല്ലാ ഐടിഐ/ബിറ്റിസി/ഏവിറ്റിഎസ് പ്രിൻസിപ്പാൾമാർക്കും/
ആർ ഐ സി ട്രെയിനിംഗ് ആഫീസർമാർക്കും

സാർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ബഹു.തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രിൻസിപ്പാൾമാരുടെയും ട്രെയിനിംഗ് ആഫീസർമാരുടെയും യോഗം കൂടുന്നത് സംബന്ധിച്ച്.

സൂചന:- 27.9.2017 തീയതിയിലെ ഇതേ നമ്പരായ കത്ത്

********

11.10.2017 ന് രാവിലെ 11 മണിക്ക് ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരം ഗവ. ഹൗസിൽ വെച്ച് ജോബ് ഫെയർ, ഈ ഡി ക്ലബ്, പ്ലേസ്മെന്റ് സെൽ എന്നിവ അവലോകനം ചെയ്യുന്നതിനായി ചേരുന്ന യോഗത്തിൽ ഈ വകുപ്പിനുകീഴിലുള്ള എല്ലാ ഐടിമാരും പ്രിൻസിപ്പാൾമാരും ട്രെയിനിംഗ് ആഫീസർമാരും പങ്കെടുക്കേണ്ടതാണെന്ന് അറിയിക്കുന്നു. ടി യോഗത്തിന് മുന്നോടിയായി 3.10.2017 ന് ബഹു.ട്രെയിനിംഗ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന നോഡൽ ഐടിഐ പ്രിൻസിപ്പാൾമാരുടെ യോഗത്തിന്റെ മിനിട്ട്സ്, 11.10.2017 ലെ യോഗത്തിന്റെ അജണ്ട എന്നിവ ഇതോടൊപ്പം അയയ്ക്കുന്നു. എല്ലാ ഉദ്യോഗസ്ഥരും ടി യോഗത്തിൽ കർശനമായും പങ്കെടുക്കേണ്ടതും അജണ്ട കുറിപ്പുകൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

ഡെപ്യൂട്ടി സ്റ്റേറ്റ് അപ്രന്റിഷിപ്പ് അഡ്വൈസർ
(ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി)

ഉള്ളടക്കം- 3.10.2017 ലെ യോഗത്തിന്റെ അജണ്ടയും മിനിട്ട്സും

പകർപ്പ്- 1) ട്രെയിനിംഗ് ഡയറക്ടറുടെ സി എ

2) അഡീഷണൽ ഡയറക്ടറുടെ സി എ

3) ശ്രീ കെ എസ് ധർമ്മരാജൻ, എ എസ് പി ഡി

4) ശ്രീ ബി ജസ്റ്റിൻരാജ്, ജോയിന്റ് ഡയറക്ടർ

5) ശ്രീ സുനിൽ ജേക്കബ്, ജോയിന്റ് ഡയറക്ടർ, കണ്ണൂർ

6) ശ്രീമതി ഇ എച്ച് റംല, ഡെപ്യൂട്ടി ഡയറക്ടർ (ട്രെയിനിംഗ്)

7) ശ്രീ ബി ബാലചന്ദ്രൻ, ഡെപ്യൂട്ടി ഡയറക്ടർ ( പ്ലാനിംഗ്)

8) ശ്രീ ഡി. മനേക്ഷ് പ്രസാദ്, ഡെപ്യൂട്ടി സ്റ്റേറ്റ് അപ്രന്റിഷിപ്പ് അഡ്വൈസർ

9) ശ്രീ ജി സുഭാഷ്, ട്രേഡ് ടെസ്റ്റ് ആഫീസർ

10) ടെക്നിക്കൽ അസിസ്റ്റന്റ്

11) ജൂനിയർ അപ്രന്റിഷിപ്പ് അഡ്വൈസർ (കാറ്ററിംഗ്, ടെക്നിക്കൽ)

12) ജൂനിയർ സൂപ്രണ്ട് ( സി , എഫ് സെക്ഷൻ)

13) എഫ് 3 സെക്ഷൻ, കരുതൽ ഫയൽ

**ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 11.10.2017 ന് ചേരുന്ന പ്രിൻസിപ്പാൾ/ട്രെയിനിംഗ് ആഫീസർമാരുടെ യോഗത്തിൽ അജണ്ട ഇനത്തിൽ ഉൾപ്പെടുത്തേണ്ട വിഷയം ചുവടെ ചേർക്കുന്നു**

11.00 മണിക്ക് ഉദ്ഘാടനം : ബഹുമാനപ്പെട്ട തൊഴിൽ വകുപ്പ് മന്ത്രി

ചർച്ച (11.30-1.30)

**വിഷയം**

1. ജോബ് ഫെയർ
2. പ്ലേസ്മെൻറ് സെല്ലുകൾ
3. ഇ.ഡി ക്ലബ്
4. ബെസ്റ്റ് ഇന്നവേഷൻ അവാർഡ്

1.30 - 2.15 വരെ ഉച്ചഭക്ഷണം

5. 2.15 - 3.30 - ട്രെയിനിംഗ് മാനേജ്മെൻറ് സിസ്റ്റം അവലോകനം
6. 3.30 - 3.45 - അപ്രൻറീസ് പരിശീലന പദ്ധതി
7. 3.30 - 5.00 - മറ്റ് വിഷയങ്ങൾ

**അജണ്ട കുറിപ്പ്**

**1. ജോബ് ഫെയർ**

നവംബർ, ഡിസംബർ മാസങ്ങളിലായി കേരളത്തിലെ 14 ജില്ലകളിലും ജോബ്ഫെയർ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. 2017 ആഗസ്റ്റിൽ ട്രേഡ് ടെസ്റ്റിൽ വിജയിച്ച ട്രെയിനികൾക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി വ്യാവസായിക പരിശീലന വകുപ്പും, ODEPC ഉം സംയുക്തമായി വ്യാവസായ അസോസിയേഷൻറെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിലുമാണ് ജോബ്ഫെയർ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. പ്രധാനമായും കേരളത്തിനകത്തും പുറത്തുള്ള വ്യാവസായ സ്ഥാപനങ്ങളെ വരുന്ന ജോബ്ഫെയറിൽ പരമാവധി പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നോഡൽ പ്രിൻസിപ്പാൾമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

03.10.2017 ൽ ചേർന്ന നോഡൽ ഓഫീസർമാരുടേയും, യൂണിറ്റ് ഓഫീസർമാരുടെയും യോഗത്തിൽ എടുത്ത തീരുമാനം അനുസരിച്ച് ചുവടെ കുറിക്കുന്ന വിവരങ്ങൾ കൊണ്ടുവരേണ്ടതാണ്.

a) കേരളത്തിനു പുറത്തുള്ള വ്യവസായ സ്ഥാപനങ്ങളെ പരമാവധി ജോബ്ഫയറിൽ പങ്കെടുപ്പിക്കുന്നതിനായി വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട്.

b) കഴിഞ്ഞ വർഷം നടത്തിയ ജോബ്ഫെയറിൽ ഏറ്റവും കൂടുതൽ ഡിമാൻറ് ഉണ്ടായതും, ഏറ്റവും കുറഞ്ഞ് ഡിമാൻറുണ്ടായതും, കമ്പനികൾ ആവശ്യപ്പെട്ടിട്ടും ഒരു ട്രെയിനിയെപ്പോലും നൽകാൻ സാധിക്കാത്തതുമായ ട്രേഡുകളുടെ.വിവരം .

c) ജോബ്ഫെയർ നടക്കുന്ന ഓരോ ഐ.ടി.ഐയിലും നിലവിലുള്ള ട്രേഡുകളിലെ പരിശീലനത്തിൻറെ വിവരം പൊതുജനങ്ങൾക്ക് അറിയുന്നതിന് " ട്രേഡ് പരിചയപ്പെടുത്തൽ" (OPEN HOUSE) എന്ന പരിപാടി നടത്തേണ്ടതാണ്. അതിൻറെ വിവരം.

2)പ്ലേസ്മെൻറ് സെൽ

വകുപ്പിന് കീഴിലുള്ള സർക്കാർ ഐ.ടി.ഐകളിൽ പ്ലേസ്മെൻറ് സെൽ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ ഐ.ടി.ഐകളിൽ നിന്നും വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന ട്രെയിനികൾക്ക് തൊഴിൽ സാധ്യത ഉറപ്പാക്കുന്നതിന് ടി ട്രെയിനികളെ കാമ്പസ് ഇൻറർവ്യൂ നടത്തി പ്ലേസ്മെൻറ് നൽകുന്നതിന് ഐ.ടി.ഐകളിൽ പ്രവർത്തിക്കുന്ന പ്ലേസ്മെൻറ് സെൽ നടപടി സ്വീകരിച്ചു വരുന്നു. ടി നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതും റിപ്പോർട്ടുകൾ തെറ്റുകൾ കൂടാതെ കൃത്യമായി ലഭ്യമാക്കേണ്ടതുമാണ്.

3. എൻറർപ്രണർഷിപ്പ് ഡെവലപ്മെൻറ് ക്ലബ്

വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ഓരോ ജില്ലകളിലെയും ഐ.ടി.ഐകൾ അതാത് ജില്ലാ വ്യവസായ കേന്ദ്രവുമായി ചേർന്ന് ഐ.ടി.ഐകളിൽ എൻറർപ്രണർഷിപ്പ് ഡവലപ്മെൻറ് ക്ലബുകൾ രൂപീകരിച്ചിട്ടുണ്ട്.

03.10.17 ൽ ചേർന്ന നോഡൽ ഓഫീസർമാരുടെയും യൂണിറ്റ് ഓഫീസർമാരുടെയും യോഗത്തിൽ എടുത്ത തീരുമാനം അനുസരിച്ച് ഓരോ ഐ.ടി.ഐയിലെയും നിലവിലുള്ള ഇ.ഡി ക്ലബിൻറെ വിശദമായ താഴെപ്പറയുന്ന വിവരങ്ങൾ യോഗത്തിൽ പങ്കെടുക്കാൻ വരുന്ന ഐ.ടി.ഐ പ്രിൻസിപ്പാൾ കൊണ്ടുവരേണ്ടതാണ്.

1. സ്ഥാപനത്തിൻറെ പേര്
2. ഇ.ഡി ക്ലബിൻറെ ചുമതലയുള്ള ഉദ്യോഗസ്ഥൻറെ പേര്, തസ്തിക, ഫോൺ നമ്പർ, ഇ-മെയിൽ ഐ.ഡി
3. ഇ.ഡി ക്ലബിൻറെ രജിസ്ട്രേഷൻ സംബന്ധിക്കുന്ന വിവരങ്ങൾ
4. ഇ.ഡി ക്ലബ് രൂപീകരിച്ച തീയതി
5. ഇതിനോടകം ഇതുമായി ബന്ധപ്പെട്ട് നടത്തിയ വർഷം തിരിച്ചുള്ള പ്രോഗ്രാം സംബന്ധിച്ച വിവരങ്ങൾ.
6. വർഷം തിരിച്ച് ലഭിച്ചതും വിനിയോഗിച്ചതുമായ തുകയുടെ വിവരം
7. ഇ.ഡി ക്ലബ് രൂപീകരിച്ചതു വഴി സ്വയം തൊഴിൽ കണ്ടെത്തിയവരുടെ വിശദ വിവരം
8. ബാങ്ക് അക്കൗണ്ട് വിവരം

4) ബെസ്റ്റ് ഇന്നവേഷൻ അവാർഡ്

നവംബർ 09 ന് ഇൻറർ നാഷണൽ എൻറർപ്രണർഷിപ്പ് ഡേ ആയി ആചരിക്കുന്നതിനായി ഡി.ജി.റ്റി തീരുമാനിച്ചിരിക്കുന്നതിൻറെ അടിസ്ഥാനത്തിൽ, സംസ്ഥാന തലത്തിൽ ബെസ്റ്റ് ഇന്നവേറ്റീവ് അവാർഡ് നൽകുന്നതിന് 03.10.2017 ന് നടന്ന യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. ഇതിൻറെ ഭാഗമായി വകുപ്പിൻ കീഴിലുള്ള ഐ.ടി.ഐകളിൽ പഠിക്കുന്ന ട്രെയിനികളെ പങ്കെടുപ്പിച്ചുകൊണ്ട്, പുതിയ കണ്ടുപിടിത്തങ്ങൾ നടത്തി ആയത് ഉൾപ്പെടുത്തി ജില്ലാ/റീജിയണൽ/സംസ്ഥാന തലത്തിലുമുള്ള മത്സരങ്ങൾ നടത്തി അവാർഡ് നൽകുന്നതിനും തീരുമാനമായി. ഇതിലേയ്ക്ക് സംസ്ഥാനത്തുള്ള സർക്കാർ/സ്വകാര്യ ഐ.ടി.ഐകളിൽ പഠിക്കുന്ന മികച്ച

ട്രെയിനികളെ ഉൾപ്പെടുത്തുന്നതിനും, ഓരോ ജില്ലയിലെയും നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാരെ ചെയർമാൻമാരാക്കി 7 അംഗങ്ങൾ ഉള്ള ഒരു കമ്മിറ്റി ജില്ലാതലത്തിൽ രൂപീകരിക്കേണ്ടതാണ്.

പ്രാരംഭമായി ട്രെയിനികൾ തയ്യാറാക്കി സമർപ്പിക്കുന്ന പുതിയ കണ്ടുപിടിത്തങ്ങളെ സംബന്ധിച്ചുള്ള പ്രബന്ധങ്ങൾ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പരിശോധിച്ച് ആയത് വിശദമായി പഠിച്ച് ഇതിൽ തിരഞ്ഞെടുക്കപ്പെട്ട പ്രബന്ധത്തെ സംബന്ധിച്ച കണ്ടുപിടിത്തം ബന്ധപ്പെട്ട സ്ഥലത്തു പോയി പരിശോധിച്ച്, നല്ല നൂതനമായ സൃഷ്ടിയെ റീജിയണൽ തലത്തിലുള്ള ഐ.ടി ചെയർമാനും നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ അംഗവുമായിട്ടുള്ള കമ്മിറ്റിയുടെ പരിഗണനയ്ക്ക് ശേഷം ഇവയിൽ ഏറ്റവും മികച്ച സൃഷ്ടിയെ ട്രെയിനിംഗ് ഡയറക്ടർ ചെയർമാനായിട്ടുള്ള കമ്മിറ്റി പരിഗണിച്ച്, അതിൽ തിരഞ്ഞെടുക്കപ്പെടുന്ന മികച്ച സൃഷ്ടിയ്ക്ക് ഒന്നാം സമ്മാനം, രണ്ടാം സമ്മാനം, മൂന്നാം സമ്മാനം എന്നീ പ്രകാരം സംസ്ഥാനതലത്തിൽ സമ്മാനം നൽകുന്നതിനും യോഗത്തിൽ തീരുമാനമെടുത്തു.

ഈ യോഗതീരുമാനത്തിൻറെ അടിസ്ഥാനത്തിൽ ബെസ്റ്റ് ഇന്നവേറ്റീവ് അവാർഡ് നൽകുന്നതിനായുള്ള അടിയന്തിര നടപടി കൈക്കൊള്ളുന്നതിൻറെ ഭാഗമായി ഓരോ ജില്ലയിലെയും നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ അതാത് ജില്ലകളിലെ ഐ.ടി.ഐകൾ, പ്രൈവറ്റ് ഐ.ടി.ഐകൾ എന്നീ സ്ഥാപനങ്ങളിലെ പ്രിൻസിപ്പാൾമാരുടെ യോഗം അടിയന്തിരമായി വിളിച്ച് ചേർത്ത് ഈ വിഷയത്തെ സംബന്ധിച്ച ബോധവത്ക്കരണം നടത്തി അടിയന്തിര നടപടികൾ കൈക്കൊള്ളുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്.

<u>5) ട്രെയിനിംഗ് മാനേജ്മെൻറ് സിസ്റ്റം</u>

വകുപ്പിലെ ജീവനക്കാരുടെ വിവരം ശേഖരിച്ച് പരിശീലനത്തിനും, ഭരണപരമായ മറ്റ് ആവശ്യത്തിനും ഉപയോഗിക്കുന്നതിന് തയ്യാറാക്കിയ ട്രെയിനിംഗ് മാനേജ്മെൻറ് സിസ്റ്റം എന്ന സോഫ്റ്റ് വെയറിൽ ഇനിയും ജീവനക്കാരുടെ മുഴുവൻ പേരുകളും ചേർത്തിട്ടില്ല. ഇത് പരിശോധിക്കുന്നതിന് ചുവടെ കുറിക്കുന്ന വിവരം കൊണ്ടുവരേണ്ടതാണ്.

1. സ്ഥാപനത്തിൻറെ പേര് :
2. പ്രിൻസിപ്പാളിൻറെ പേര് :
3. TMS ൻറെ കോർഡിനേറ്ററുടെ പേരും
   തസ്തികയും മൊബൈൽ നമ്പരും :
4. സ്ഥാപനത്തിലെ ആകെ ജീവനക്കാരുടെ എണ്ണം :
   ടെക്നിക്കൽ
   മിനിസ്റ്റീരിയൽ
   ആകെ
5. TMS ൽ രജിസ്റ്റർ ചെയ്ത ജീവനക്കാരുടെ എണ്ണം :
   ടെക്നിക്കൽ
   മിനിസ്റ്റീരിയൽ
   ആകെ

6. TMS ൽ രജിസ്റ്റർ ചെയ്യാത്ത ജീവനക്കാരുടെ എണ്ണം :

ടെക്നിക്കൽ

മിനിസ്റ്റീരിയൽ

ആകെ

7 . മുഴുവൻ ജീവനക്കാരും രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ അതിൻറെ കാരണം :

8. സ്ഥാപനമേധാവി അപ്രൂവ് ചെയ്ത ജീവനക്കാരുടെ എണ്ണം :

ടെക്നിക്കൽ

മിനിസ്റ്റീരിയൽ

ആകെ

6) അപ്രൻറീസ്ഷിപ്പ് പരിശീലന പദ്ധതി

Monthly/ Quarterly/ Half Yearly/ SC/ST റിപ്പോർട്ടുകൾ സമയബന്ധിതമായും കൃത്യമായും ലഭ്യമാക്കി കാണുന്നില്ല. ആയത് കൃത്യമായി ലഭ്യമാക്കേണ്ടതാണ്. അപ്രന്റീസുകളുടെ ലഗസി ഡേറ്റാ പൂർണ്ണമായും പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്.

Sd/-

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

(ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി)

//അംഗീകാരത്തോടെ//

ഡെപ്യൂട്ടി സ്റ്റേറ്റ് അപ്രന്റിഷിപ്പ് അഡ്വൈസർ

03.10.2017 ന് ട്രെയിനിംഗ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാരുടെ മീറ്റിംഗിൻറെ മിനിട്ട്സ്

സ്ഥലം:- കോൺഫറൻസ് ഹാൾ, തൊഴിൽ ഭവൻ

ഡോ.ശ്രീറാം വെങ്കിട്ടരാമൻ ഐ.എ.എസ്, ട്രെയിനിംഗ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം 11.00 മണിക്ക് ആരംഭിച്ചു. യോഗത്തിൽ താഴെപ്പറയുന്നവർ പങ്കെടുക്കുകയുണ്ടായി.

1. ഡോ.ശ്രീറാം വെങ്കിട്ടരാമൻ ഐ.എ.എസ് ട്രെയിനിംഗ് ഡയറക്ടർ
2. ശ്രീ.പി.കെ.മാധവൻ, അഡീഷണൽ ഡയറക്ടർ
3. ശ്രീ കെ;എസ്.ധർമ്മരാജൻ, അഡീഷണൽ ഡയറക്ടർ
4. ശ്രീ.ബി.ജസ്റ്റിൻരാജ്, ജോയിൻറ് ഡയറക്ടർ
5. ശ്രീമതി. ഇ.എച്ച്.റംല, ഡെപ്യൂട്ടി ഡയറക്ടർ (ട്രെയിനിംഗ്)
6. ശ്രീ.ബി. ബാലചന്ദ്രൻ, ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്)
7. ശ്രീ.ഡി.മനേക്ഷ് പ്രസാദ്, ഡെപ്യൂട്ടി സ്റ്റേറ്റ് അപ്രൻറീസ്ഷിപ്പ് അഡ്വൈസർ
8 .ശ്രീ.ജി സുഭാഷ് ,ട്രേഡ് ടെസ്റ്റ് ഓഫീസർ
9 . ശ്രീ.എ. കൃഷ്ണകുമാർ, ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്, ആർ.ഐ.സി പാലക്കാട്

10) ശ്രീ.ശിവശങ്കരൻ.കെ.പി, ഐ.ടി, ആർ.ഐ.സി കോഴിക്കോട്

11) ശ്രീ.പി.രാജൻ, പ്രിൻസിപ്പാൾ, ഐ.ടി.ഐ ചാക്ക

12) ശ്രീ.വിജയൻ.ബി, പ്രിൻസിപ്പാൾ, ഐ.ടി.ഐ കൊല്ലം

13) ശ്രീ.കെ.ജി.രാജേന്ദ്രൻ, പ്രിൻസിപ്പാൾ, ഐ.ടി.ഐ ചെന്നീർക്കര

14) ശ്രീമതി.മിനി മാത്യൂ, പ്രിൻസിപ്പാൾ, ഐ.ടി.ഐ ചെങ്ങന്നൂർ

15) ശ്രീ.കെ.ബി.വിജയൻ, പ്രിൻസിപ്പാൾ, ഐ.ടി.ഐ ഏറ്റുമാനൂർ

16) ശ്രീമതി.ആനി സ്റ്റെല്ല ഐസക്, പ്രിൻസിപ്പാൾ, ഐ.ടി.ഐ കട്ടപ്പന

17) ശ്രീ.പി.കെ.രഘുനാഥൻ, പ്രിൻസിപ്പാൾ, ഐ.ടി.ഐ കളമശ്ശേരി

18) ശ്രീമതി.സ്റ്റാറി പോൾ, പ്രിൻസിപ്പാൾ, ഐ.ടി.ഐ ചാലക്കുടി

19) ശ്രീ.രവികുമാർ.സി, പ്രിൻസിപ്പാൾ, ഐ.ടി.ഐ അരീക്കോട്

20) ശ്രീ.ചന്ദ്രശേഖരൻ, പ്രിൻസിപ്പാൾ, ഐ.ടി.ഐ കാസർഗോഡ്

21) ശ്രീ.ഷമ്മി ബേക്കർ, വൈസ് പ്രിൻസിപ്പാൾ, ഐ.ടി.ഐ ചാക്ക

22) ശ്രീ.പി.ജി.ജോർജ്, വൈസ് പ്രിൻസിപ്പാൾ, ഐ.ടി.ഐ മലമ്പുഴ

23) ശ്രീ.തോമസ് പോൾ വാഴപ്പള്ളി, പ്രിൻസിപ്പാൾ, ഐ.ടി.ഐ കൽപ്പറ്റ

24) ശ്രീമതി.പ്രസന്ന.കെ, വൈസ് പ്രിൻസിപ്പാൾ, ഐ.ടി.ഐ കണ്ണൂർ.

25) ശ്രീമതി.ഡെയ്സി .സി.ജോയ്, ജൂനിയർ സൂപ്രണ്ട്, ട്രെയിനിങ്.ഡയറക്ടറേറ്റ്

26) ശ്രീമതി.റീന.കെ .റസൽ ,ജൂനിയർ സൂപ്രണ്ട്, ട്രെയിനിങ്.ഡയറക്ടറേറ്റ്

ജോബ് ഫെയർ ഈ വർഷം എല്ലാ ജില്ലകളിലും നടത്തണമെന്നും ആയതിന് നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾ അതാത് ജില്ലയ്ക്ക് സമീപത്തുള്ള സംസ്ഥാനങ്ങളിലെ ഇൻഡസ്ട്രികളിൽ നേരിട്ട് പോയി ടി സ്ഥാപനങ്ങളെ ജോബ് ഫെയറിൽ പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കണമെന്നും Industry head, മാനേജർ ലെവൽ, HRM ലെവലിലുള്ള ഉദ്യോഗസ്ഥരുമായി പ്രിൻസിപ്പാൾമാർ നേരിട്ട് ടി വിഷയത്തിൽ ഇടപെടണമെന്നും ഈ രീതിയിൽ കുറഞ്ഞത് 200 സ്ഥാപനങ്ങളെ വരുന്ന ജോബ് ഫെയറിൽ പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യമെങ്കിൽ ടി പ്രവർത്തനത്തിന് ഐ.ടി.ഐ തലത്തിൽ ടീമിനെ നിയോഗിക്കാമെന്നും ഡയറക്ടർ പ്രിൻസിപ്പാൾമാർക്ക് നിർദ്ദേശം നൽകി. ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ പ്രൻസിപ്പാൾമാർ മീറ്റിംഗിൽ ഹാജരാകാത്തതിന് വിശദീകരണം നൽകണമെന്ന് ഡയറക്ടർ അറിയിച്ചു. ശ്രീ.കെ.വി.മുഹമ്മദ്, പ്രിൻസിപ്പാൾ, ഐ.ടി.ഐ കോഴിക്കോട്, വാല്യുവേഷൻ ക്യാമ്പ് ചുമതലയുള്ളതിനാൽ മീറ്റിംഗിൽ പങ്കെടുക്കുവാൻ കഴിയില്ലായെന്ന് ഇ-മെയിലിൽ അറിയിച്ചിരുന്നതായി അഡീഷണൽ ഡയറക്ടർ യോഗത്തെ അറിയിച്ചു.

ജോബ്ഫെയർ ഓരോ ജില്ലയിലും സംഘടിപ്പിക്കുന്നതിനായി നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ഒരു Vision Plan തയ്യാറാക്കി. 10.10.17 ന് 12.00 പി.എം ന് മുമ്പായി ഈ കാര്യാലയത്തിൽ ലഭ്യമാക്കണമെന്നും ആയത് 11.10.17 ലെ കോൺഫറൻസിൽ അവതരിപ്പിക്കണമെന്നും ഡയറക്ടർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. കഴിഞ്ഞ ജോബ്ഫെയറിൽ നിന്നും ഉൾക്കൊണ്ട വിവരങ്ങൾ (പോസിറ്റീവ് & നെഗറ്റീവ്) കൂടി ടി റിപ്പോർട്ടിൽ ഉൾപ്പെടുത്തുവാനും നിർദ്ദേശിച്ചു.

ജോബ് ഫെയറിനോടൊപ്പം കഴിയുന്നത്ര ട്രേഡുകളുടെ വർക്ക്ഷോപ്പ് ഉപയോഗിച്ച് പൊതുജനങ്ങൾക്ക് കാണുന്നതിനായി trade fair കൂടി സംഘടിപ്പിക്കണമെന്നും live demo കാണിക്കണമെന്നും ശ്രീ.പി.കെ.മാധവൻ, അഡീഷണൽ ഡയറക്ടർ അഭിപ്രായപ്പെട്ടു.

ജോബ്ഫെയറിൽ പങ്കെടുക്കുന്നവർക്ക് വിതരണം ചെയ്യുന്നതിന് brochure ജില്ലാ അടിസ്ഥാനത്തിൽ ചെയ്ത് നൽകണമെന്ന് പ്രിൻസിപ്പാൾമാർ അറിയിച്ചു

കോഴിക്കോട് വനിത ഐ.ടി.ഐയിൽ സോളാർ പാനൽ സ്ഥാപിച്ച അഭിനന്ദനാർഹമായ പ്രവൃത്തി മാതൃകയാക്കി PPP സ്കീമിൽ പ്രവൃത്തിക്കുന്ന മറ്റ് ഐ.ടി.ഐകളിലും തനത് ഫണ്ടിൽ നിന്നും സോളാർ പാനൽ സ്ഥാപിക്കേണ്ടതാണെന്ന് ഡയറക്ടർ അറിയിച്ചു.

അരീക്കോട് ഐ.ടി.ഐയിൽ കാർപെൻറർ ട്രേഡ് കേന്ദ്രീകരിച്ച് പ്രൊഡക്ഷൻ സെൻറർ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം പ്രിൻസിപ്പാൾ യോഗത്തിൽ അറിയിച്ചു. ഇതുപോലെ പ്രായോഗികമായി ചെലവ് കുറഞ്ഞ രീതിയിൽ പ്രൊഡക്ഷൻ സെൻറർ ചെയ്യാൻ കഴിയുന്ന 05 ട്രേഡുകളുടെ എണ്ണം നൽകാൻ ട്രെയിനിംഗ് ഡയറക്ടർ നിർദ്ദേശിച്ചു.

പ്ലേസ്മെൻറ് സെല്ലിനെപ്പറ്റി ശ്രീ.പി.കെ.മാധവൻ, അഡീഷണൽ ഡയറക്ടർ വിവരിച്ചു. കൂടാതെ ED Club ൻറെ പ്രവർത്തനത്തെപ്പറ്റിയും Innovation award നവംബർ -09 ലോക എൻറർപ്രണർഷിപ്പ് ഡേയിൽ നൽകുന്ന വിവരവും അവാർഡിന് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളിലായി ഒരു ലക്ഷം, 50,000/- 25,000/- രൂപ വീതം ക്യാഷ് പ്രൈസ് നൽകാമെന്നും അഭിപ്രായപ്പെട്ടു. Innovation award നൽകുന്നതിനുള്ള മാനദണ്ഡം ശ്രീ.കെ.പി.ശിവശങ്കരൻ, ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് യോഗത്തിൽ അവതരിപ്പിച്ചു. ഐ.ടി.ഐയിൽ നിന്നും 2017 -ൽ pass out ആയ ട്രെയിനികളിൽ നിന്നും ഓരോ ജില്ലയിൽ നിന്നു തിരഞ്ഞെടുക്കുന്ന 02 ട്രെയിനികൾക്ക് വീതം സ്റ്റാർട്ട് അപ്പ് കോഴ്സിൽ റസിഡൻഷ്യൽ പ്രോഗ്രാം KASE -ൽ വെച്ച് (01 മാസം) നൽകാമെന്ന് ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചു.

തീരുമാനങ്ങൾ

1. 2017 നവംബർ, ഡിസംബർ മാസങ്ങളിലായി 14 ജില്ലകളിലായി ജോബ്ഫെയർ നടത്തുവാൻ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് നിർദ്ദേശം നൽകി.

2. നോഡൽ ഐ.ടി.ഐ പ്രൻസിപ്പാൾമാർ 10.10.17 ന് 12.00 പി.എം ന് മുമ്പ് (ജോബ് ഫെയർ നടത്തുന്നതിനുള്ള വിഷൻ പ്ലാൻ) എഫ്3 സെക്ഷനിൽ ലഭ്യമാക്കേണ്ടതാണ്. മെയിൽ id- directorateoftrainingf3@gmail.com

3. സംസ്ഥാനത്തിന് പുറത്തുള്ള വ്യാവസായിക സ്ഥാപനങ്ങളെ ജോബ് ഫെയറിൽ പങ്കെടുപ്പിക്കുന്നതിനുള്ള ഇടപെടലുകൾ പ്രിൻസിപ്പാൾമാർ നേരിട്ട് സ്വീകരിക്കേണ്ടതും കുറഞ്ഞത് 200 സ്ഥാപനങ്ങളെ ഫെയറിൽ പങ്കെടുപ്പിക്കേണ്ടതുമാണ്.

4. മീറ്റിംഗിൽ ഹാജരാകാത്തതും വ്യക്തമായ കാരണം ബോധിപ്പിക്കാത്തതുമായ പ്രിൻസിപ്പാൾമാരിൽ വിശദീകരണം തേടുക.

(നടപടി എഫ്3 സീറ്റ്)

5. ജോബ്ഫെയറിൽ വിതരണം ചെയ്യുന്നതിന് ഐ.ടി.ഐകളെപ്പറ്റിയും കോഴ്സുകളെപ്പറ്റിയും brief ചെയ്യുന്ന തരത്തിൽ ജില്ലാ അടിസ്ഥാനത്തിൽ brochure ചെയ്യാൻ തീരുമാനിച്ചു.

(നടപടി: ഡി.ഡി (പ്ലാനിംഗ്)

6. Brochure ൽ ചേർക്കുന്നതിന് അതാത് ജില്ലകളെപ്പറ്റി സ്പെസിഫൈ ചെയ്യേണ്ടതും പ്രത്യേകിച്ച് ഉൾപ്പെടുത്തേണ്ടതുമായ ട്രേഡുകളുടെയും, മറ്റ് വിവരങ്ങളും നൽകണം.

(നടപടി : ഐ.ടി)

7. കോഴിക്കോട് വനിത ഐ.ടി.ഐയുടെ മാതൃകയിൽ PPP സ്കീം നിലവിലുള്ള ഐ.ടി.ഐകളിൽ സ്വന്തം ഫണ്ടുപയോഗിച്ച് സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

(നടപടി: ഇ സെക്ഷൻ, ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാർ)

8. അരീക്കോട് ഐ.ടി.ഐയിൽ കാർപ്പെൻറർ ട്രേഡിൽ പ്രൊഡക്ഷൻ സെൻറർ ആരംഭിച്ച മാതൃകയിൽ ചെലവ് കുറഞ്ഞതും പ്രായോഗികമായി പ്രൊഡക്ഷൻ സെൻറർ തുടങ്ങാൻ കഴിയുന്നതുമായ 05 ട്രേഡുകളെ നിർദ്ദേശിക്കുവാൻ തീരുമാനിച്ചു.

(നടപടി: ഡി.ഡി (പി)

9. നവംബർ -09 ന് International Entrepreneurship day- യിൽ Innovation award നൽകാൻ തീരുമാനിച്ചു.

10.Award -ന് ഹാജരാക്കുന്ന പ്രബന്ധത്തിന്/പ്രോജക്ടിന് patentable quality ഉണ്ടായിരിക്കണം.

(നടപടി: ഐ.ടിമാർ/പ്രിൻസിപ്പാൾമാർ)

11. വകുപ്പിന് IPR വിഭാഗം (Intellectual Property Right) തുടങ്ങാൻ ഡയറക്ടർ നിർദ്ദേശിച്ചു.

(നടപടി: ഡിഡി (പി) സെക്ഷൻ)

12. ട്രെയിനികളുടെ സെഷണൽ മാർക്കിന് പ്രോജക്ട് ൻറെ മാർക്ക് കൂടി മാനദണ്ഡമാക്കാനും സെഷണൽ മാർക്കിൻറെ 50% പ്രോജക്ടിനായി നൽകാനും (അവസാന സെമസ്റ്റർ) ആയതിന് ഭേദഗതി ഉത്തരവിറക്കാനും തീരുമാനമായി

(നടപടി T T O, ജി സെക്ഷൻ/എഫ് സെക്ഷൻ)

13. ഐ.ടി.ഐകളിൽ അഡ്മിഷൻ സമയത്ത് പി.ടി.എ ഫണ്ട് പിരിക്കുന്നതിന് ceiling ക്രമീകരിച്ച് ഉത്തരവിറക്കാൻ തീരുമാനമായി.

(നടപടി : സി സെക്ഷൻ)

sd/-
അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്
(ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി)

//അംഗീകാരത്തോടെ//

ഡെപ്യൂട്ടി സ്റ്റേറ്റ് അപ്രന്റീഷിപ്പ് അഡ്വൈസർ